# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 366 28.06.2011 ൽ മറുപടിയ്ക്ക്

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധജില്ലകൾ പങ്കുവയ് ക്കുന്ന വനാതിർത്തിയുടെ ദൈർഘ്യം എത്ര ; | (എ) തിരുവനന്തപുരം- കൊല്ലം- 23. 84 കി.മീ<br>കൊല്ലം - പത്തനംതിട്ട - 45.50 കി.മീ<br>കോട്ടയം- പത്തനംതിട്ട - 11.80 കി.മീ<br>പത്തനംതിട്ട- ഇടുക്കി - 64.70 കി.മീ<br>കോട്ടയം - ഇടുക്കി - 4.10 കി.മീ<br>ഇടുക്കി- എറണാകുളം - 64.00 കി.മീ<br>എറണാകുളം-തൃശൂർ - 49.40 കി.മീ<br>തൃശൂർ-പാലക്കാട് - 41.20 കി.മീ<br>വയനാട് -കോഴിക്കോട് - 12.00 കി.മീ<br>വയനാട് - കണ്ണൂർ - 11.50 കി.മീ<br>ആകെ - 328.04 കി.മീ |
| (ബി) കൃഷിക്കും ജനങ്ങൾക്കും നാശ നഷ്ടങ്ങളും ഉപദ്രവങ്ങളും ഉണ്ടാക്കുന്ന വന്യജീവികളുടെ ശല്യം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (ബി) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br><br>(1)ആനപ്രതിരോധ കിടങ്ങുകൾ കുഴിക്കുക<br>(2) സൗരോർജ്ജ കമ്പിവേലികളും വൈദ്യുത കമ്പിവേലികളും നിർമിക്കുക<br>(3) കയ്യാലകൾ നിർമിക്കുക<br>(4)എലിഫൻറ് ഡീപ്രഡേഷൻ സ്ക്വാഡുകൾ രൂപീകരിക്കുക<br>(5)ആദിവാസി വാച്ചർമാരെ നിയോഗിച്ച് നാട്ടിൽ പ്രവേശിക്കുന്ന ആനകളെ കാട്ടിലേക്ക് തിരിച്ചുവിടുക<br>(6) ചില്ലി പൗഡർ ക്രാക്കർ ടെക്നിക്കിലൂടെ ആനകളെ കാട്ടിലേയ് ക്ക് പിന്തിരിപ്പിക്കുക<br>(7) ആനകളുടെ സഞ്ചാരപഥം പുന:സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യസ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുക<br>(8) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെൻറുകളിൽ താമസിക്കുന്നവരിൽ മറ്റിടങ്ങളിലേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുക |

(9) കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ നിബന്ധനയ്ക്കുവിധേയമായി പരീക്ഷണാടിസ്ഥാനത്തിൽ വെടിവെച്ച് കൊല്ലുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സി) വന്യജീവികളുടെ ആക്രമണ ഫലമായി മുറിവേല്ക്കുന്നവർക്കും നാശനഷ്ടങ്ങൾക്ക് ഇടയാക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസമില്ലാതെ തന്നെ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

(ഡി) നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) കാർഷികവിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുന്നതുമൂലമുണ്ടാകുന്ന നാശനഷ്ടം കണക്കാക്കുന്നത് കൃഷിവകുപ്പ് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ്, 2010-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പൂർണ നഷ്ടപരിഹാരം (പരമാവധി 50000 രൂപ വരെ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ